# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3626** **11.12.2018 ലെ മറുപടിയ്ക്ക്**

**വിജിലൻസ് സി.ടി.പിയുടെ പരിശോധന**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | എ.സി മൊയ്തീൻ<br>(ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | 2018 ജനുവരി മുതൽ വിജിലൻസ് സി.ടി.പി (ചീഫ് ടൗൺ പ്ലാനർ) പരിശോധന നടത്തി കണ്ടെത്തിയ കേസുകൾ ഏതെല്ലാം; വ്യക്തമാക്കുമോ? | (എ) | 2018 ജനുവരി മുതൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നേതൃത്വം നൽകുന്ന തദ്ദേശസ്വയംഭരണ വകുപ്പ് വിജിലൻസ് വിംഗ് പരാതി പരിശോധനയിലൂടേയും, മിന്നൽ പരിശോധനയിലൂടേയും സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി 323 പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | വിജിലൻസ് സി.ടി.പി കണ്ടെത്തിയ കേസുകൾ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? | (ബി) | ഉണ്ട്. തയ്യാറാക്കിയ പരിശോധനാ റിപ്പോർട്ടുകൾ എല്ലാം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | നിയമലംഘനം റിപ്പോർട്ട് ചെയ്ത എത്ര കേസുകളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | നിയമലംഘനമുൾപ്പെടെ സർക്കാരിലേക്ക് ലഭിച്ച എല്ലാ അന്വേഷണ റിപ്പോർട്ടുകളിന്മേലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | 2018-ൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിജിലൻസ് സി.ടി.പി പരിശോധന നടത്തിയിട്ടുണ്ട്; കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | 2018-ൽ പുളിമാത്ത് പഞ്ചായത്ത്, കൊട്ടാരക്കര നഗരസഭ, പത്തനാപുരം പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയിട്ടുള്ളതാണ്. അവയുടെ പരിശോധന റിപ്പോർട്ടുകളുടെ തയ്യാറാക്കൽ പുരോഗമിച്ച് വരുന്നു. |
| (ഇ) | ഏതെല്ലാം ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ട്; കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഇ) | 2018-ൽ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസുകളിൽ പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ